# പതിമൂന്നാം കേരള നിയമ സഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2 — 01-12-2014-ൽ മറുപടിക്ക്

## ഇ-ഫയലിംഗ്

ചോദ്യം

ശ്രീ. മോൻസ് ജോസഫ്

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി

( മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | IDEAS വഴി ഫയലുകളുടെ നീക്കം അറിയുന്നതിന് നടപടികൾക്കായി ഫയൽ സമർപ്പിക്കുന്ന സമയത്തു തന്നെ ആയതു സെക്ഷനുകളിൽ രേഖപ്പെടുത്തുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ ; | (എ) | സെക്രട്ടറിയേറ്റിലെ ഫയൽ നീക്കം ഓൺലൈനിലൂടെ സെക്രട്ടറിയേറ്റിൽ വരാതെ തന്നെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിനുള്ള സൗകര്യം ഐഡിയാസ് വഴി ലഭ്യമാണ്. ഫയൽ സമർപ്പിക്കുന്ന സമയത്തു തന്നെ ആയത് ഐഡിയാസിൽ രേഖപ്പെടുത്തണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഐഡിയാസ് നടപ്പിലാക്കിയിട്ടുള്ള എല്ലാ വകുപ്പുകളിലും ഈ സോഫ്റ്റ് വെയർ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് എല്ലാ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഐഡിയാസ് ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കാനായി എൻ ഐ സി യുടെ ടീമും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഇ-ഫയലിംഗ് നടപ്പായതോടെ ഫിനാൻസ് വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളിൽ ഫയലുകളുടെ നീക്കം അറിയുന്നതിന് സാമാജികർക്ക് കഴിയാതെ വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ബഹു: മുഖ്യമന്ത്രിക്ക് സമർപ്പിച്ച 9067/VIP/2014/CM നമ്പർ കത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച കത്ത് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ